Draft #2 of File 25211/ACA1 SO/2020/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 08-Sep-2020 07:54 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

വിവിധ ഏജൻസികളിൽ നിന്നും ജെനുവിൻനെസ്സ് വെരിഫിക്കേഷൻ ഫീസ്ഈടാക്കുന്നതുമായി ബന്ധപ്പെട്ട സ്പഷ്ടീകരണം നൽകികൊണ്ടുള്ള ഉത്തരവ് ഭേദഗതി ചെയ്തു കൊണ്ട്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 3976/AC A 1/2020/എം.ജി.യു　　　　പ്രിയദർശിനി ഹിൽസ്,തീയതി: 09.09.2020

---

*പരാമർശം:*-1. സർവ്വകലാശാല ഉത്തരവ് നമ്പർ 2761/AC A 1/2020 /എം.ജി.യു. തീയതി 23.06.2020

2.ജെനുവിൻനെസ്സ് വെരിഫിക്കേഷൻ ഫീസ് സംബന്ധമായി 13.07.2020 തീയതിയിൽ പ്രോ വൈസ് ചാൻസലർ നൽകിയ കുറിപ്പ്

3.വൈസ് ചാൻസലറുടെ 13.07.2020 തീയതിയിലെ ഉത്തരവ്

**ഉത്തരവ്**

പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സർവ്വകലാശാലാ ഉത്തരവിൽ ഏതൊക്കെ ഏജൻസികളിൽ നിന്നും ജെനുവിൻനെസ്സ് വെരിഫിക്കേഷൻ സേവനത്തിന് ഫീസ് ഈടാക്കാം എന്ന വിഷയത്തിൽ സ്പഷ്ടീകരണം നൽകിയിരുന്നു.

പരീക്ഷാ മാനുവൽ പ്രകാരം (i) മറ്റ് സർവ്വകലാശാലകൾ, (ii) ഫോറിൻ എംബസ്സികൾ, (iii) എഡ്യൂക്കേഷണൽ ഏജൻസികൾ എന്നിവയിൽ നിന്നൊഴികെ മറ്റെല്ലാവിധ വെരിഫിക്കേഷൻ ഏജൻസികളിൽ നിന്നും സർവ്വകലാശാല നൽകുന്ന ജെനുവിൻനെസ്സ് വെരിഫിക്കേഷൻ സേവനത്തിന് ഫീസ് ഈടാക്കാമെന്നാണ് പരാമർശം (1) ഉത്തരവിൽ പരാമർശിച്ചിരുന്നത്. ഇതിനായി പരീക്ഷ മാനുവലിൽ ആവശ്യമായ പരിഷ്കരണങ്ങൾ വരുത്തണമെന്നുമുള്ള ശുപാർശകൂടി അംഗീകരിച്ചുകൊണ്ട് വൈസ്-ചാൻസിലർ ഉത്തരവായിരുന്നു.

പ്രസ്തുത ഉത്തരവിൽ, മേൽ ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന ഐറ്റം (iii) -ലെ എഡ്യൂക്കേഷണൽ ഏജൻസികൾ ഏതൊക്കെ എന്നതിൽ വ്യക്തത നൽകികൊണ്ട് പരാമർശം (2) പ്രകാരമുള്ള പ്രോ- വൈസ് -ചാൻസലറുടെ കുറിപ്പിൽ "കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അധീനതയിലുള്ള എഡ്യൂക്കേഷണൽ ഏജൻസികൾ" എന്ന് കൂട്ടിചേർത്തിരിക്കുന്നു. ആയത് പരാമർശം (3) പ്രകാരം 13.07.2020 തീയതിയിൽ വൈസ്- ചാൻസിലർ അംഗീകരിച്ചിരിക്കുന്നു.

തദനുസരണം പരാമർശം (1) ഉത്തരവ് താഴെ പറയും പ്രകാരം ഭേദഗതി ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പരീക്ഷാ മാനുവൽ പ്രകാരം (i) മറ്റ് സർവ്വകലാശാലകൾ, (ii) ഫോറിൻ എംബസ്സികൾ, (iii) എഡ്യൂക്കേഷണൽ ഏജൻസികൾ *(കേന്ദ്ര -സംസ്ഥാന സർക്കാരുകളുടെ അധീനതയിലുള്ളത്)* എന്നിവയിൽ നിന്നൊഴികെ, മറ്റെല്ലാവിധ വെരിഫിക്കേഷൻ ഏജൻസികളിൽ നിന്നും സർവ്വകലാശാല നൽകുന്ന ജെനുവിൻനെസ്സ് വെരിഫിക്കേഷൻ സേവനത്തിന് ഫീസ്**

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ഈടാക്കാവുന്നതാണ്.

ഭാനു പ്രകാശ് ബി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)

പകർപ്പ്

1. വൈസ് -ചാൻസിലറുടെ / പ്രൊ-വൈസ്-ചാൻസിലറുടെ പി എസ്
2. രജിസ്ട്രാർ, പരീക്ഷ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി എ മാർ
3. വിവിധ പരീക്ഷ / അക്കാദമിക് വിഭാഗം സെക്ഷനുകൾ
4. എ ആർ/ ഡി ആർ/ ജെ ആർ (പരീക്ഷ/അക്കാദമിക്/ഫിനാൻസ് )
5. കണ്ടെന്റ് മാനേജ്മന്റ് സെക്ഷൻ/ പി ആർ ഒ/ റെക്കോർഡ്സ് 6
6. അക്കൗണ്ട്സ് 3/5 /ജനറൽ ക്യാഷ്
7. സ്റ്റോക് ഫയൽ/ ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 25211/ACA1 SO/2020/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 08-Sep-2020 07:54 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം